കേരള പാഠാവലി- ക്ലാസ്സ് 10.

സ്വയം മൂല്യനിർണയ സാമഗ്രി-(സ്കോർ-20)

**1 മുതൽ 5 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക**

1. വിക്ടർ ഹ്യൂഗോയുടെ 'ലാ മിറാബലെ' എന്ന നോവൽ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് ആര്?

a) വി.ടി.ഭട്ടതിരിപ്പാട് (b) നാലപ്പാട് നാരായണ മേനോൻ (c) വള്ളത്തോൾ നാരായണ മേനോൻ

2. "സ്നേഹിതാ, നിങ്ങൾ പോകുന്നതിനു മുമ്പ് , ഇതാ നിങ്ങളുടെ മെഴുകുതിരി കാലുകൾ എടുക്കാം. " മെത്രാന്റെ ഈ വാക്കുകൾ ഴാങ് വാൽ ഴാങ്ങിൽ ഉണ്ടാക്കിയ പ്രതികരണം എന്തായാം?

a) പ്രതികാരം (b) പരിഹാസം ( c) പശ്ചാത്താപം

3. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്കു മരം കൊണ്ടുള്ള മുള്ളും കയ് ലും കൂടി ആവശ്യമില്ല. ഇത് ആര് ആരോട് പറയുന്നത്?

a) മെത്രാൻ പരിചാരികയോട് (b) മെത്രാൻ ഴാങ് വാൽ ഴാങ്ങിനോട് (c) മെത്രാൻ പൊലീസുകാരോട്

4. ഴാങ് വാൽ ഴാങ് ബേക്കറിയിൽ നിന്ന് റൊട്ടി മോഷ്ടിച്ചതിന്റെ സാമൂഹ്യ സാഹചര്യം എന്തായിരുന്നു?

a) ആർഭാട ജീവിതം നയിക്കുന്നത് (b) തൊഴിലില്ലായ്മയും പട്ടിണിയും (c) മോഷണം അദ്ദേഹത്തിന്റെ ഹോബിയായിരുന്നു

5. 'പാല് തന്ന കൈയ്ക്കു തന്നെ കടിക്കുന്ന പാമ്പ്.'

ഇങ്ങനെയൊരു ചിന്ത ഴാങ് വാൽ ഴാങ്ങിൽ ഉണ്ടാകാൻ ഇടയാക്കിയ സാഹചര്യം എന്തായിരിക്കാം ?

a) ജയിൽ ശിക്ഷയ്ക്കിടയിൽ ജയിൽ ചാടിയത് (b) അഭയം തന്ന മെത്രാന്റെ ഭവനത്തിൽ നിന്നു തന്നെയുള്ള മോഷണം (c) പരിചാരികയോട് മോശമായി പെരുമാറിയപ്പോൾ

**(6 മുതൽ 10 വരെ ചോദ്യങ്ങൾക്കു മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.**

**2 മാർക്കു വീതം)**

6. "ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു നിന്നു." ഈ പ്രയോഗത്തിന്റെ സവിശേഷതയുമായി ബന്ധപ്പെട്ട് രണ്ട് നിരീക്ഷണങ്ങൾ എഴുതുക.

7. ഴാങ് വാൽ ഴാങ്ങിന്റെ കണ്ണു രണ്ടും മിഴിഞ്ഞു പോയി.

പോലീസുകാരെ കണ്ട ഴാങ് വാൽ ഴാങ് വീട്ടിലേക്ക് പോയി. അടിവരയിട്ട പദങ്ങൾ രണ്ട് സന്ദർഭങ്ങളിലും ഉണ്ടാക്കുന്ന അർഥവ്യത്യാസം കണ്ടെത്തി എഴുതുക

8. "പാവങ്ങൾ" എന്ന വിക്ടർ ഹ്യൂഗോയുടെ നോവൽ മുന്നോട്ട് വെയ്ക്കുന്ന രണ്ട് സന്ദേശങ്ങൾ കണ്ടെത്തി എഴുതുക.?

9) "എന്നെ വിടാൻ പോകുന്നു എന്നുള്ളത് വാസ്തവം തന്നെയോ? ഴാങ് വാൽ ഴാങ് ഇങ്ങനെ ചോദിക്കാൻ കാരണമെന്ത്? ലഘുകുറിപ്പ് തയ്യാറാക്കുക

10) ഫ്രഞ്ച് നോവലിസ്റ്റ് വിക്ടർ ഹ്യൂഗോ മുന്നോട്ട് വെയ്ക്കുന്ന 'മാനവികതയുടെ ദർശനം ' മലയാള സാഹിത്യത്തിനും മുതൽക്കൂട്ടായിട്ടുണ്ട്. - പാവങ്ങളിലെ മാനവികദർശനം കണ്ടെത്തി കുറിക്കുക.?

11. **കഥാപാത്ര നിരൂപണം:** ഒരു സത്യാവാനായിരിക്കാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്നു പോകരുതേ ." ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ 'മെത്രാൻ മാനവികതയുടെ പ്രതിരൂപം' എന്ന തലക്കെട്ടിൽ ഒരു കഥാപാത്ര നിരൂപണം തയ്യാറാക്കുക.? (1*5=5)